കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ് - റീസർവ്വെ റിക്കാർഡിൽ കാണിച്ചിരിക്കുന്ന വിസ്തീർണ്ണം അടിസ്ഥാനരേഖയായി കണക്കാക്കി മാത്രമേ പോക്കുവരവ് നടപടി സ്വീകരിക്കാൻ പാടുള്ളൂയെന്ന സർക്കുലർ നിർദ്ദേശം - സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഇ) വകുപ്പ്**

സ. ഉ (കൈ) നം. 214/2020/റവന്യൂ തീയതി, തിരുവനന്തപുരം, 15/09/2020

---

പരാമർശം : 1) റവന്യൂ ബോർഡ് (സർവ്വെ) സെക്രട്ടറിയുടെ 18/09/1991 ലെ ബി1-19446/91 നമ്പർ സർക്കുലർ.

2) 26/08/2017 ലെ സ.ഉ(എം.എസ്)നം.303/2017/റവന്യൂ

**ഉത്തരവ്**

പരാമർശത്തിലെ സർക്കുലർ പ്രകാരം റീസർവ്വെ റിക്കാർഡിൽ രേഖപ്പെടുത്തിയിട്ടുള്ള വിസ്തീർണ്ണം അടിസ്ഥാനരേഖയായി കണക്കാക്കി മാത്രമേ പോക്കുവരവ് ചെയ്യാൻ പാടുള്ളൂ എന്നും പോക്കുവരവ് ചെയ്യുന്ന വിസ്തീർണ്ണമാകട്ടെ റീസർവ്വേ റിക്കോർഡുകളും, അതോടനുബന്ധമായി തയ്യാറാക്കിയിട്ടുള്ള സബ്ഡിവിഷൻ റിക്കാർഡുകളും പ്രകാരം നിർണ്ണയിക്കേണ്ടതെന്നും റവന്യൂ ബോർഡ് (സർവ്വെ) സെക്രട്ടറി നിർദ്ദേശിച്ചിരുന്നു. എന്നാൽ റീസർവ്വെ നടപടികളെ തുടർന്ന് റിക്കാർഡുകൾ തയ്യാറാക്കിയതിൽ കൈവശഭൂമിയിലെ വിസ്തീർണ്ണവ്യത്യാസം അനുവദനീയമായ അളവിൽ കൂട്ടിചേർക്കപ്പെട്ട കേസുകളിൽ 1964 ലെ കേരള സർവ്വെ അതിരടയാള ചട്ടങ്ങളിലെ 41, 83 എന്ന് തുടങ്ങിയ ചട്ടങ്ങൾ തെറ്റായി വ്യാഖ്യാനിച്ച് പോക്കുവരവ് നടപടികൾ തടസപ്പെടുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചതിൽ പരാമർശത്തിലെ റവന്യൂ ബോർഡ് സെക്രട്ടറിയുടെ സർക്കുലറിൽ കൂടുതൽ വ്യക്തത വരുത്തേണ്ടതുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ വിസ്തീർണ്ണ വ്യത്യാസം സംബന്ധിച്ച് ചുവടെ ചേർക്കും പ്രകാരം സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു.

2) റീസർവ്വെ നടപടികൾ സ്വീകരിക്കുമ്പോൾ മുൻ സർവ്വെയിലെ വിസ്തീർണ്ണ വ്യത്യാസങ്ങൾ പരിഹരിക്കുന്നതിനുള്ള അനുവദനീയമായ പരിധികൾ സംബന്ധിച്ച് 1964 ലെ കേരള സർവ്വെ അതിരടയാള ചട്ടങ്ങളിലെ 56-ാം ചട്ടത്തിലും, വിസ്തീർണ്ണ വ്യത്യാസം അഞ്ച് ശതമാനത്തിലധികരിക്കുന്ന കേസുകൾ സംബന്ധിച്ച് ചട്ടം 60 ലും, ചെയിൻ സർവ്വെ പ്രകാരം ചെയ്തിട്ടുള്ളതും ചട്ടം 60 ലെ കുറഞ്ഞ പരിധിക്കു താഴെയുള്ളതുമായ വിസ്തീർണ്ണ വ്യത്യാസ കേസുകൾ സംബന്ധിച്ച് ചട്ടം 58 ലും വ്യക്തമായ വ്യവസ്ഥകളാണുള്ളത്.

3) റവന്യൂ വകുപ്പിലെ ഭൂരേഖകളുടെ പരിപാലനത്തിലെ പരാതി പരിഹാരത്തിന്റെ ഭാഗമായി ചുമതലകൾ പുനർനിർവചിച്ചും നിലവിലുള്ള ഘടനയിൽ ഭേദഗതി വരുത്തിയും പരാമർശം (2) ലെ ഉത്തരവ് പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അഞ്ച് ശതമാനത്തിലധികരിക്കാതെയുള്ള വിസ്തീർണ്ണ വ്യത്യാസ കേസുകൾ തീർപ്പുകൽപ്പിക്കുന്നതിനുള്ള അധികാരിയായി തഹസീൽദാർ (ഭൂരേഖ)യെ ചുമതലപ്പെടുത്തുന്നു. കൂടാതെ അഞ്ചു ശതമാനത്തിലധികരിക്കുന്ന വിസ്തീർണ്ണ വ്യത്യാസം സംബന്ധിച്ച കേസുകളിൽ ചട്ടം 60–ലെ വ്യവസ്ഥകൾ പ്രകാരം ജില്ലാ കളക്ടർക്ക് തീർപ്പുകൽപ്പിക്കാവുന്നതാണ്. വിസ്തീർണ്ണ വ്യത്യാസം വരുത്തേണ്ട സംഗതികളിൽ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ ചട്ടം 61 ലും വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ രജിസ്റ്റേർഡ് ഭൂമികളോട് ചേർന്നുള്ള പുറമ്പോക്കുകളുടെയും മറ്റു സർക്കാർ ഭൂമികളുടെയും വിസ്തീർണ്ണവും അളവുകളും സെറ്റിൽമെന്റ് വിസ്തീർണ്ണത്തെക്കാളും ഡിവൈഡ് അളവുകളെക്കാളും കുറഞ്ഞിരുന്നാൽ അയൽ സബ് ഡിവിഷനിലെ കൂടുതൽ വിസ്തീർണ്ണമുള്ള ഭൂമി, അപ്രകാരമുള്ള പുറമ്പോക്കുകളോടും മറ്റു സർക്കാർ ഭൂമികളോടും ചേർക്കേണ്ടതാണെന്ന് 83–ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്.

4) മേൽ സാഹചര്യത്തിൽ റീസർവ്വെ റിക്കാർഡുകൾ പ്രകാരം വിസ്തീർണ്ണ വ്യത്യാസം സംബന്ധിച്ച പിശകുകൾ തിരുത്തുന്നതിലും പ്രസ്തുത റിക്കാർഡുകളെ തുടർന്ന് പോക്കുവരവ് അനുവദിക്കുന്നതിലും 1964 ലെ കേരള സർവ്വെ അതിരടയാള ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രത്യേകിച്ച് ചട്ടം 56, 58, 60, 61, 64, 82, 83 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങളും വ്യവസ്ഥകളും കർശനമായി പാലിക്കേണ്ടതാണെന്ന് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ.എ.ജയതിലക് ഐ.എ.എസ്**

പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
സർവ്വെ ഡയറക്ടർ, തിരുവനന്തപുരം
ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ